(ഡി) പ്രസ്തുത തസ്തികകളിൽ ഡെപ്യൂട്ടേഷൻ വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇവരിൽ ആരെയെങ്കിലും വകുപ്പ് അബ്സോർബ് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത തസ്തികകളിൽ നേരിട്ടുള്ള നിയമനംവഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; നിയമനം ലഭിച്ച തസ്തിക, യോഗ്യത, ശമ്പളം, നിയമനം നടത്തിയ രീതി എന്നിവ വിശദമാക്കുമോ;

(എഫ്) മന്ത്രിസഭ നേരിട്ട നിയമനം നടത്തിയ തസ്തികകൾ ഉണ്ടോ; എങ്കിൽ നിയമനം നടത്തിയ തസ്തിക, യോഗ്യത, ശമ്പളം, നിയമന രീതി, നിയമനം നൽകിയവരുടെ പേരും വിവരങ്ങളും എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനായുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

(ബി) ഇല്ല.

(സി) അനുബന്ധമായി (I)* ചേർത്തിരിക്കുന്നു.

(ഡി) ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി (II)* ചേർത്തിരിക്കുന്നു. ഇവരിൽ ആരെയും വകുപ്പ് അബ്സോർബ് ചെയ്യുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഇ) സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടില്ലാത്തതിനാൽ നേരിട്ടുള്ള നിയമനം നടത്തിയിട്ടില്ല.

(എഫ്) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറായി ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ഡോ. പി. നസീറിനെ നിയമിച്ചതും കാലയളവ് ദീർഘിപ്പിച്ചിട്ടുള്ളതും മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഡോ. പി. നസീറിനെ റഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ടി തസ്തികയുടെ യോഗ്യത, ശമ്പളം എന്നിവ നിശ്ചയിച്ചിട്ടില്ല.

ന്യൂനപക്ഷക്ഷേമ വകുപ്പിൽ ഡെപ്യൂട്ടേഷൻ

160 (1534) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുണ്ട് എന്ന് പറയാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കിയ എത്ര ഉദ്യോഗസ്ഥരെ സ്ഥിരപ്പെടുത്തിയെന്നും; ഏതൊക്കെ തസ്തികയിലാണ് നിയമിച്ചതെന്നും പറയാമോ;

(സി) ഇത്തരത്തിൽ സ്ഥിര നിയമനം നൽകിയ ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് പി.എസ്.സി. നിഷ്കർഷിക്കുന്ന വിദ്യാഭ്യാസ യോഗ്യത ഉണ്ടെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ചട്ടങ്ങൾക്ക് വിരുദ്ധമായി ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥിരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സർക്കാർ സർവ്വീസിൽ ഡയറക്ടർ പദവിയിൽ നിയമിക്കുന്നതിന് നിശ്ചിത യോഗ്യത ഉള്ള ഉദ്യോഗസ്ഥർ ഇല്ലാതിരുന്നിട്ടാണോ, സ്വകാര്യ കോളേജ് അധ്യാപകനെ പ്രസ്തുത വകുപ്പിൽ ഡയറക്ടറായി നിയമിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5

(ബി-ഇ) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ ഇതുവരെ ആർക്കും സ്ഥിരനിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

പോളച്ചിറ ഏലായിലെ കൃഷി

161 (1535) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പോളച്ചിറ ഏലായിൽ ത്രിതല പഞ്ചായത്തിന്റെയും കൃഷിവകുപ്പിന്റെയും സംയുക്തമായി കൃഷി നടത്തിയത് എന്നാണ്; പ്രസ്തുത കൃഷി ഇറക്കുന്നതിലേയ്ക്കായി ത്രിതല പഞ്ചായത്തും കൃഷിവകുപ്പും നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും എത്ര രൂപയുടെ സഹായം ഉണ്ടായിരുന്നുവെന്നും അറിയിക്കുമോ;

(ബി) അവസാനമായി പുഞ്ചകൃഷി നടത്തിയ കാലയളവിൽ എത്ര കൃഷിക്കാർ കൃഷി ചെയ്യുവാൻ സന്നദ്ധമായിരുന്നുവെന്നും എത്ര ടൺ നെല്ല് വിളവ് ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES, Kerala Legislative Assembly